10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട്

99 (1839) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-ാം ശമ്പള കമ്മീഷൻ റിപ്പോർട്ട് എന്തെല്ലാം ഭേദഗതികളോടെയാണ് സർക്കാർ പാസ്സാക്കിയിട്ടുള്ളത്; കമ്മീഷൻ ശിപാർശ ചെയ്ത ഏതെങ്കിലും സ്കെയിലുകൾ കുറയ്ക്കുകയോ, ഏതിലെങ്കിലും വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കുവാൻ അനോമലി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഏതു രീതിയിലാണ് അപാകതകൾ പരിഹരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമ്പോൾ എന്ന മുതൽ പ്രാബല്യം കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും, ശമ്പള പരിഷ്കരണ കാലയളവ് സംബന്ധിച്ച് എന്തു തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത ശമ്പള സ്കെയിലുകളുടെ മിനിമം പുനർ നിർണ്ണയിച്ചു. മാസ്റ്റർ സ്കെയിലിന്റെ മിനിമം 17000 എന്ന് ശിപാർശ ചെയ്തത് 16500 ആക്കി പുനർനിർണ്ണയിച്ചു. എന്നാൽ ഇൻക്രിമെന്റ് നിരക്കിലും പരിഷ്കരിച്ച മാസ്റ്റർ സ്കെയിലിന്റെ പരമാവധിയിലും വ്യത്യാസം വരുത്തിയിട്ടില്ല. പത്താം ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത ശമ്പളസ്കെയിൽ വർദ്ധനവ് 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി ഒരു തലമാക്കി നിജപ്പെടുത്തി. ഇത്തരം കേസുകളിൽ ശമ്പളസ്കെയിൽ വർദ്ധനവും റേഷ്യോ വർദ്ധനവും ഒരുമിച്ച് ശിപാർശ ചെയ്തിരുന്നത് ശമ്പളസ്കെയിൽ വർദ്ധനവ് മാത്രമാക്കി പരിമിതപ്പെടുത്തി. എന്നാൽ ശമ്പളസ്കെയിൽ വർദ്ധനമൂലം ഫീഡർ തസ്തികയുടേയും പ്രൊമോഷൻ തസ്തികയുടെയും ശമ്പളസ്കെയിലുകൾ തുല്യമാകുന്ന കേസുകളിൽ ഇപ്രകാരം ശമ്പളസ്കെയിൽ വർദ്ധന അനുവദിച്ചിട്ടില്ല. കൂടാതെ 24040-38840 ഉം അതിനുമുകളിലുമുള്ള ശമ്പള സ്കെയിലുകളിൽ നോർമൽ റിവിഷനുകളിൽ വർദ്ധന അനുവദിച്ചിട്ടില്ല. പത്താം ശമ്പളകമ്മീഷൻ ശിപാർശ ചെയ്ത മെച്ചപ്പെട്ട റേഷ്യോ പ്രൊമോഷനുകൾ 22360-37940 വരെയുള്ള പ്രീ-റിവൈസ്ഡ് സ്കെയിലുകളിൽ പരമാവധി 1:2 ആയും 24040-38840 ഉം അതിനുമുകളിലുമുള്ള ശമ്പള സ്കെയിലുകളിൽ പരമാവധി 1:3 ആയും നിജപ്പെടുത്തി. കാഷ്വൽ സ്വീപ്പേഴ്സിന്റെ മിനിമം ശമ്പളം കമ്മീഷൻ ശിപാർശ ചെയ്ത 5000 രൂപയിൽനിന്ന് 6000 രൂപയാക്കി ഉയർത്തി. ചില അലവൻസുകളിൽ നിബന്ധനകൾക്കുവിധേയമായി 10% വാർഷിക വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്താം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്കായി അനോമലി റെക്ടിഫിക്കേഷൻ സെൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശമ്പളകമ്മീഷൻ റിപ്പോർട്ട് 1-7-2014 പ്രാബല്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ശമ്പളപരിഷ്കരണ കാലയളവ് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന രീതിയിൽ മാറ്റം വരുത്തിയിട്ടില്ല.

ബഡ്ജറ്റ് 2015-16-ൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ

100 (1840) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2016 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ബന്ധപ്പെട്ട ഭരണവകുപ്പ് പദ്ധതി നിർവ്വഹണത്തിന് മുൻകൈ എടുക്കാതിരുന്നതിനാലും ധനവകുപ്പ് ഫണ്ടുകൾ നൽകിയിട്ടില്ലാത്തതിനാലും നടപ്പിലാക്കാൻ കഴിയാതെ ബഡ്ജറ്റ് പ്രസംഗത്തിൽ മാത്രം നിലകൊള്ളുകയും ചെയ്ത പദ്ധതികൾ ഉണ്ടോ; അവ ഏത്;

(സി) ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനങ്ങളുടെ നടപ്പാക്കൽ പുരോഗതി നിരീക്ഷിക്കാറുണ്ടോ; ഏറ്റവും ഒടുവിലത്തെ അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഏത്; പൂർണ്ണമായും സാക്ഷാത്കരിച്ചവ ഏത്; പ്രസംഗത്തിൽ പ്രഖ്യാപിച്ചെങ്കിലും ആവശ്യമായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതികൾ സാക്ഷാത്കരിക്കാതെ പോയിട്ടുള്ളവ ഏത്;

(ഡി) ആസൂത്രണത്തിലെ അഭാവത്തെയും നിർവ്വഹണത്തിലെ പോരായ്മയുടെയും ഭാഗമായി പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളതായി അറിയാമോ?

ഉത്തരം

(എ&ബി) 2015-16 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ മിക്കവയും വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കി വരികയാണ്. അവയിൽ ചില

LIBRARY ARCHIVES Kerala Legislative Assembly